ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എസ്കിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ബോർഡ് തീരുമാനം ഉണ്ട്. 22-12-2012-ലെ 370-ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിലെ അജണ്ട ഇനം 89/2012 നമ്പർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യത സംബന്ധിച്ച റെഗുലേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബോർഡ് തീരുമാനത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ബി) 26-8-2014-ൽ ചേർന്ന 380-ാമത് ഭരണസമിതി യോഗത്തിലെ അജണ്ട ഇനം 69/2014-ന്റെ തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമേ നിലവിലുള്ളുവെന്നും മറ്റ് നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണെന്നും ചെയർമാൻ അറിയിച്ചതിനെ തുടർന്ന് നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയോഗിക്കുന്നതിന് സമർത്ഥരായവർ ഇല്ലാത്തതിനാൽ യോഗ്യതയും പ്രാപ്തിയുമുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർക്കാർ, പൊതുജനങ്ങൾ, ജീവനക്കാർ എന്നിവരുമായി നിരന്തരം നടത്തേണ്ട സംവേദനത്തിന് സഹായകരമാകുന്നതിനു വേണ്ടി നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികകൂടി ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഭരണസമിതിയോഗം തീരുമാനിച്ച ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കും, ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികയിലേക്കും ഡെപ്യൂട്ടേഷൻ മുഖാന്തരം യോഗ്യതയും പ്രാഗത്ഭ്യവും കഴിവുമുള്ളവരെ നിയോഗിക്കുന്നതിനുവേണ്ടി 12-11-2014-ൽ കെ.എസ്.ആർ.ടി.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങിയ ബസ് ചേസിസുകൾ

338 (3972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്ആർ.ടി.സി.-ക്ക് വേണ്ടി എത്ര ബസ് ചേസിസ്സുകൾ വാങ്ങിയിട്ടുണ്ട്; അതിന് എത്ര രൂപ ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചേസിസുകളിൽ എത്രയെണ്ണം ബോഡി നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിന് സജ്ജമാക്കി നൽകി ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം വർക്ക് ഷോപ്പുകളിലാണ് പ്രസ്തുത ബോഡി നിർമ്മാണം നടന്നതെന്നും ഓരോ വർക്ക്ഷോപ്പുകളും എത്ര വീതം ബസുകളുടെ ബോഡി നിർമ്മാണം നടത്തിയെന്നും ബോഡി നിർമ്മാണത്തിന് ബസ് ഒന്നിന് എത്ര രൂക ചെലവായെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,109 പുതിയ ബസ് ഷാസികൾ വാങ്ങിച്ചു. ഇതിനത്തിൽ 172.31 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഇതിൽ 1008 ഷാസികൾ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കി.

(സി)

റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ	- 173
റീജിയണൽ വർക്ക്ഷോപ്പ് കോഴിക്കോട്	- 132
റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര	- 105
റീജിയണൽ വർക്ക്ഷോപ്പ് ആലുവ	- 108
സെൻട്രൽ വർക്ക്ഷോപ്പ് പാപ്പനംകോട്	- 490
ആകെ	1,008

ബസ് ബോഡി നിർമ്മാണത്തിനായി ബസ്സൊന്നിന് ചെലവായ ശരാശരി രൂക

ഫാസ്റ്റ് പാസഞ്ചർ	- 5,23,642
സൂപ്പർ ഫാസ്റ്റ്	- 5,53,181
എക്സ്പ്രസ്	- 6,29,251
സൂപ്പർ ഡീലക്സ്	- 8,37,191
ഷോർട്ട് വീൽ ബസ്സ്	- 4,01,227
മലബാർ/വേണാട്	- 5,51,619
രാജധാനി	- 5,02,357

LIBRARY ARCHIVES Kerala Legislative Assembly